# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5115** | **27/06/2019-ൽ മറുപടിയ്ക്ക്**

## മലപ്പുറം ജില്ലയിൽ പ്രത്യേകതരം പനി

**ചോദ്യം**

**ശ്രീ.എ.പി. അനിൽ കുമാർ**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | മലപ്പുറം ജില്ലയുടെ പല ഭാഗത്തും പ്രത്യേകതരം പനി പടർന്ന് പിടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ജില്ലയിൽ പ്രത്യേകതരം പനി പടർന്ന് പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ രോഗനിരീക്ഷണം കാര്യക്ഷമമാക്കിയതിന്റെ ഭാഗമായി ജില്ലയുടെ പലഭാഗത്തുനിന്നായി മാർച്ചിനു ശേഷം ജൂൺ 24 വരെ 14 പേർക്ക് മെനിഞ്ചൈറ്റിസ്, 20 പേർക്ക് എൻസഫലിറ്റിസ് എന്നിവ ബാധിച്ചതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കൂടാതെ ഒരാൾക്ക് വെസ്റ്റ്നൈൽ രോഗവും ബാധിച്ചിരുന്നു. |
| ബി) | പ്രസ്തുത പനി മൂലം 2019 മാർച്ച് മാസത്തിന് ശേഷം എത്ര മരണങ്ങൾ സംഭവിച്ചുവെന്നും പനിയുടെ കാരണം എന്താണെന്നും കണ്ടെത്തിയിട്ടുണ്ടോ; | ബി) | 2019 മാർച്ചിന് ശേഷം മെനിഞ്ചൈറ്റിസ് കാരണം രണ്ടുപേരും എൻസഫലിറ്റിസ്, വെസ്റ്റ്നൈൽ എന്നീ രോഗങ്ങൾ കാരണം ഒരാൾ വീതവും മരണപ്പെടുകയുണ്ടായി. |
| സി) | ഇല്ലെങ്കിൽ ഇതിനായി വിദഗ്ധർ അടങ്ങിയ പ്രത്യേക മെഡിക്കൽ സംഘത്തെ നിയോഗിക്കുമോ? | സി) | 6 വയസ്സുള്ള കുട്ടി വെസ്റ്റ്നൈൽ രോഗത്തെത്തുടർന്ന് മരണപ്പെട്ട സാഹചര്യത്തിൽ NCDC Delhi-യുടെ നേതൃത്വത്തിൽ EIS( Epidemic Intelligence Service) ടീമംഗങ്ങളും, VCRC, Kottayam – ത്തിന്റെ നേതൃത്വത്തിൽ എന്റമോളജിക്കൽ സർവേയലൻസും നടത്തിയിരുന്നു. കൊതുകിൽ വെസ്റ്റ്നൈൽ വൈറസിന്റെ സാന്നിദ്ധ്യം കണ്ടെത്താൻ സാധിച്ചിരുന്നില്ല.<br>കൂടാതെ ജില്ലാതലത്തിൽ വിവിധ വകുപ്പുകൾ, സർക്കാർ സ്വകാര്യ ഡോക്ടർമാർ, ജില്ലാ പ്രോഗ്രാം ഓഫീസർമാർ, ദ്രുതകർമ്മസേനാംഗങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ഡി.എം.ഒ/ജില്ലാ കളക്ടർ തലങ്ങളിൽ യോഗം ചേർന്ന് സ്ഥിതിഗതികളും സ്വീകരിച്ച നടപടികളും |

അവലോകനം ചെയ്തു. ചികിത്സാ മാർഗ്ഗരേഖകളും ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രത്യേക മെഡിക്കൽ സംഘത്തെ നിയോഗിക്കേണ്ട സാഹചര്യം തത്ക്കാലം ജില്ലയിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**